ന കാമയേ നാഥ തദപ്യഹം ക്വചിന്നയത്ര യുഷ്മച്ചരണാംബുജാസവ:
മഹത്തമാന്തർഹൃദയാന്മുഖച്യുതോ വിധത്സ്വ കർണ്ണായുതമേഷ മേ വര: (4-20-24)

മൈത്രേയൻ തുടർന്നു:
പൃഥുവിൻെറ പ്രശംസാർഹമായ ത്യാഗമനോഭാവത്തിൽ ഭഗവാൻ വിഷ്ണു സംപ്രീതനായി ഇന്ദ്രനോടൊപ്പം രാജാവിൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

ഭഗവാൻ പറഞ്ഞു: "നിൻെറ യാഗകർമ്മങ്ങളിൽ തനിക്കു യോജിക്കാത്തവിധത്തിൽ പ്രവർത്തിച്ചതിൽ ഇന്ദ്രനിപ്പോൾ പശ്ചാത്താപമുണ്ട്. അയാൾക്ക് മാപ്പു കൊടുത്താലും. നന്മനിറഞ്ഞവർ മറ്റുള്ളവർക്കെ തിരായ മനോഭാവം വെച്ചു പുലർത്തുകയില്ല തന്നെ. ശത്രുതാ മനോഭാവം, ഒരുവൻ ലോകത്തിൽ വൈവിധ്യം കണ്ടെത്തുന്നു എന്നതിൻെറ തെളിവും അജ്ഞാനത്തിൽനിന്നുളവായതുമത്രെ. ശരീരത്തോട് ആത്മഭാവം വളർത്തുന്നതുകൊണ്ടുമാണ് ശത്രുതാമനോഭാവമുടലെടുക്കുന്നത്. അജന്യവും ശാശ്വതവും സർവ്വവ്യാപിയും ആയ ആത്മാവ് ത്രിഗുണങ്ങൾക്കതീതമെന്നറിയുന്നവൻ മായാശക്തിക്കടിമയാവുന്നില്ല. പാപവും ദു:ഖവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ അയാളെ തീണ്ടുന്നതുമില്ല. സ്വാർത്ഥരഹിതമായി സ്വകർമ്മങ്ങൾ ചെയ്ത് എന്നെ പൂജിക്കുന്ന ഒരുവൻെറ മനസ്സ് നിർമ്മല മാകുകയും അവന് ആത്മസാക്ഷാത്ക്കാരം സാധിതമാവുകയും ചെയ്യും. അവൻെറ മനസ്സ് ക്രമേണ ലൌകീകതയിൽനിന്ന് വിട്ടുമാറി പരമശാന്തിയെന്ന അവസ്ഥയെ പ്രാപിക്കുന്നു. അത് എൻെറ തന്നെ നിരാകാരാവസ്ഥയത്രേ. അങ്ങിനെയുള്ള ഒരുവന് വീണ്ടും ജനനമരണങ്ങളില്ല. അതുകൊണ്ട് രാജാവേ, സ്വകർമ്മങ്ങൾ ശരിയായ ഭാവത്തോടെ അനുഷ്ടിച്ചാലും. പ്രജാപരിപാലനവും സംരക്ഷ ണവും രാജധർമ്മങ്ങളിൽ പ്രധാനമത്രേ. അങ്ങിനെ ജനങ്ങളുടെ പുണ്യത്തിൻെറ ഒരംശം രാജാവിന് അവകാശമുള്ളതാവുന്നു. പക്ഷെ, രാജാവ് തെറ്റായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുകയാണെങ്കിൽ പാപമാർജ്ജിക്കുന്നു. രാജൻ, ഞാൻ താങ്കളിൽ സംപ്രീതനായിരിക്കുന്നു. ഇഷ്ടമുള്ള വരം എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക.

രാജാവിൻെറ കണ്ണുകൾ സജലങ്ങളായി. ഭക്തിപ്രേമപാരവശ്യത്തോടെ കണ്ഠമിടറി പ്രഥു പറഞ്ഞു: "ഭഗവൻ, അങ്ങ് ഈ വിശ്വത്തിൻെറ നാഥനാണല്ലൊ. ആർക്കും ഏതുസമയത്തും പരമശാന്തമായ പരമപദം നൽകാൻ കഴിയുന്ന അങ്ങയോട് എന്തു വരമാണ് ചോദിക്കേണ്ടത്? എനിക്ക് ആത്മസാക്ഷാൽക്കാരം വേണ്ട. അങ്ങയുടെ പാദാരവിന്ദങ്ങളിൽ നിന്നൊഴുകുന്ന അമൃതിൻെറ സ്പർശമേൽക്കാത്ത ഒന്നും എനിക്കു വേണ്ട. എനിക്ക് പതിനായിരം ചെവികൾ തന്നാലും. അതിലൂടെ എനിക്കെപ്പോഴും അങ്ങയുടെ മഹിമാപദാനങ്ങൾ കേൾക്കുവാനിടയാവട്ടെ. അങ്ങയുടെ പാദാരവിന്ദങ്ങളിൽ പരമഭക്തയായ ലക്ഷ്മീദേവിയുടെ മഹാഭാഗ്യം പങ്കുവെക്കാൻ ഞാൻ കൊതിക്കുന്നു. പക്ഷെ, ഞാൻ ലക്ഷ്മീദേവിയുടെ അസൂയക്കു പാത്രമായേക്കും. ഇന്ദ്രൻെറ അസൂയക്ക് പാത്രമായവനാണല്ലോ ഞാൻ. അങ്ങ് അതീന്ദ്രിയനാണ്. അങ്ങ് ആത്മാനന്ദത്തിൽ മുഴുകിയിരിക്കുന്നു. ലക്ഷ്മീദേവിക്കുപോലും അതിൽ പങ്കില്ല. എന്നോട് എന്തു വരം വേണമെങ്കിലും ചോദിക്കാം എന്നുപറയുന്നത് തന്നെ അങ്ങയുടെ മായാവിനോദമത്രെ. സ്വയം അങ്ങയിൽ നിന്ന് വേറിട്ടുനിൽക്കുന്നു എന്ന തോന്നലുള്ളവനു മാത്രമേ അങ്ങയോട് വരം ചോദിക്കുവാൻ പറ്റൂ. സ്വന്തം കുട്ടികളോട് അച്ഛൻ കാണിക്കുന്ന സ്നേഹവായ്പ്പും നന്മയുമാണ് അവിടുന്നു ഞങ്ങളിൽ ചൊരിയുന്നത്."

പൃഥുവിൻെറ പ്രാർത്ഥനയും മനോഭാവവും ഭഗവാന് ഏറെ പ്രിയങ്കരമായിരുന്നു. പൃഥുവിന് ഏറ്റവും വലിയ വരമായ ഭഗവൽപദഭക്തി ഭഗവാൻ മനസാ നൽകി. ഇന്ദ്രനും പൃഥുവും പരസ്പരം ആശ്ലേഷിച്ചു. രാജാവ് എല്ലാ ദേവതകളേയും ആദരിച്ചു സമ്മാനങ്ങൾ നൽകി. ഭഗവാൻ വിഷ്ണുവും ദേവതകളും സ്വന്തം സവിധങ്ങളിലേക്ക് മടങ്ങി. രാജാവ് കൊട്ടാരത്തിലേക്ക് തിരിച്ചു പോയി.